KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.114/PR/PIC/PHQ/18 Date :02.05.2018

**സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 15 പേർ അറസ്റ്റിൽ**

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡികൾ കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 15 പേർ അറസ്റ്റിലായി. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം എസ്.എം.ജെ ഷോപ്പുടമ നിസാമുദ്ദീൻ, ആലപ്പുഴ ജില്ലയിൽ ചേർത്തല മുൻസിപാലിറ്റിയിൽ ബിസ്മി ഷോപ്പുടമ നസീർ, കായംകുളം ഫുഡ്പ്പാത്തിൽ സി.ഡി കച്ചവടം നടത്തിയിരുന്ന അബ്ദുൾ സമദ്, കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയ്ക്ക് എതിർവശം റെൻ വീഡിയോസ് ഷോപ്പുടമ രഞ്ചിത് കുമാർ, കോട്ടയം മുൻസിപ്പാലിറ്റിയിൽ ഫുഡ്പാത്തിൽ സി.ഡി കച്ചവടം നടത്തിയിരുന്ന ഷൈജു, തൃശ്ശൂർ ജില്ലയിൽ വേളാങ്ങല്ലൂർ ബ്ലോക്ക് ജംഗ്ഷനിൽ സിറ്റി കമ്മ്യൂണിക്കേഷൻസ് ഷോപ്പുടമ അബ്ദുലു, ശാന്തിപുരം സി.ഡി വേൾഡ് ഷോപ്പുടമ ഷാഹീൻ, ചന്തപ്പുര സി.ഡി ബാങ്ക് ഷോപ്പുടമ ഷൈൻ, തളിക്കുളം സെൽഫി മൊബൈൽസ് ഷോപ്പുടമ അൻസാർ, ചേർപ്പ് ഡ്രീംസ് സോൺ ഷോപ്പുടമ ഷിനോജ്, കൊല്ലം ജില്ലയിൽ പാരിപ്പള്ളി മാർക്കറ്റിൽ സി.ഡി കച്ചവടം നടത്തിയിരുന്ന ഷാനു, ശാസ്താം കോട്ടയിൽ പറിപ്പുരയിൽ വീഡിയോ ഷോപ്പുടമ ജമാലുദ്ദീൻ, ഫുഡ്പ്പാത്തിൽ സി.ഡി കച്ചവടം നടത്തിയിരുന്ന സജീന്ദ്രൻ, എറണാകുളം മൂവാറ്റുപുഴ പോസ്റ്റോഫീസ് ജംഗ്ഷനിൽ മൊബൈൽ പാർക്ക് ഷോപ്പുടമ മുഹാസിൻ, കാലടി എസ്. എൻ ഷോപ്പുടമ തിലകൻ എന്നിവരാണ് അറസ്റ്റിലായത്. ഇവയിൽ മിക്ക മൊബൈൽ കടകളും പ്രധാന സ്കൂളുകളുടെ പരിസരത്ത് സ്ഥിതി ചെയ്യുന്നവയാണ്.

ക്രൈംബ്രാഞ്ച് ആന്റിപൈറസി സെൽ ഡിവൈ.എസ്.പി. രാഗേഷ് കുമാർ.വി, ഡിക്റ്ററ്റീവ് ഇൻസ്പെക്ടർ പി എസ് രാകേഷ്, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ ജെ. ആർ.രൂപേഷ് കുമാർ, സുരേന്ദ്രൻ ആചാരി, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ സുനിൽകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ സന്ദീപ്, ബെന്നി, അജയൻ, അദിൻഅശോക്, സുബീഷ്, ആദർശ് എന്നിവരെക്കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു. ബുക്ക് പൈറസി, മ്യൂസിക് പൈറസി തുടങ്ങിയവ ചെയ്യുന്ന ലോബികളെ കണ്ടെത്തുന്നതിനുള്ള റെയ്ഡുകൾ തുടരുമെന്നും എസ്.പി. ബി.കെ പ്രശാന്തൻ അറിയിച്ചു.

*********